"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - മുഖ്യകാര്യ നിർവ്വഹണ ഉദ്യോഗസ്ഥൻ എന്ന നിലയ്ക്ക് നഗരസഭകളിലെ ചെയർമാൻമാർക്ക് ചുമതലകൾ തൃപ്തികരമായി നിർവ്വഹിക്കുന്നതിന് ക്ലർക്ക്/പേഴ്സണൽ അസിസ്റ്റന്റായി ദിവസവേതന/കരാർ വ്യവസ്ഥയിൽ ഒരു ഉദ്യോഗസ്ഥനെ നിയമിക്കാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.എം.)വകുപ്പ്**

സ.ഉ.(സാധാ) നം.352/2022/LSGD തീയതി,തിരുവനന്തപുരം, 18-02-2022

---

പരാമർശം:-
1. സ.ഉ.(സാധാ) നം.1869/2019/ത.സ്വ.ഭ.വ. തീയതി, 30.08.2019.
2. ചെയർമാൻ, ചേമ്പർ ഓഫ് മുനിസിപ്പൽ ചെയർമെൻ, കേരളയുടെ 10.11.2021 ലെ എസ്.എം.എച്ച്.349/2021 നമ്പർ കത്ത്.
3. സ.ഉ.(അ) 29/2021/ധന തീയതി 11.02.2021

**ഉത്തരവ്**

സംസ്ഥാനത്തെ മുൻസിപ്പാലിറ്റികളിലെ ചെയർമാൻമാർക്ക് അതാത് നഗരസഭകളിലെ എൽ.ഡി. ക്ലർക്കിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനെ നഗരസഭാദ്ധ്യക്ഷൻമാരുടെ പേഴ്സണൽ അസിസ്റ്റന്റായി നിയമിക്കാൻ അനുമതി നൽകി പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ ഇത് നഗരസഭകളുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാൻ പര്യാപ്തമല്ലാത്തതിനാൽ അദ്ധ്യക്ഷൻമാർക്കായി കരാർ വ്യവസ്ഥയിലോ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലോ നഗരസഭയ്ക്ക് പുറത്തു നിന്ന് ഒരു ക്ലർക്ക്/പേഴ്സണൽ അസിസ്റ്റന്റിനെ നിയമിക്കുന്നതിനുള്ള അനുമതി നൽകണമെന്ന് ചേമ്പർ ഓഫ് മുനിസിപ്പൽ ചെയർമെൻ, കേരളയുടെ ചെയർമാൻ പരാമർശം (2) പ്രകാരം സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മുഖ്യകാര്യ നിർവ്വഹണ ഉദ്യോഗസ്ഥൻ എന്ന നിലയ്ക്ക് മുൻസിപ്പാലിറ്റികളിലെ ചെയർമാൻമാർക്ക് ചുമതലകൾ തൃപ്തികരമായി

നിർവ്വഹിക്കുന്നതിന് ക്ലർക്ക്/പേഴ്സണൽ അസിസ്റ്റന്റായി പരാമർ ശം ( 3 ) പ്രകാരമുള്ള ശമ്പള നിരക്കിൽ നഗരസഭയുടെ തനത് ഫണ്ടിൽ നിന്ന് വേതനം നൽകിക്കൊണ്ട് കരാർ/ദിവസ വേതന വ്യവസ്ഥയിൽ ഒരു ഉദ്യോഗസ്ഥനെ നിയമിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവാകുന്നു.

പരാമർശം (1) പ്രകാരമുള്ള സർക്കാർ ഉത്തരവ് റദ്ദ് ചെയ്തു ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സുനിത ഐ

ഡെപ്യൂട്ടിസെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

ചെയർമാൻ, ചേമ്പർ ഓഫ് മുനിസിപ്പൽ ചെയർമെൻ, കേരള, സ്റ്റേറ്റ് മുൻസിപ്പൽ ഹൗസ്, വഴുതക്കാട്, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻ (വെബ് & ന്യൂ മീഡിയ) വകുപ്പ്.

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള തിരുവനന്തപുരം.

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

**Signed by Sindhu.p.g.**
**Date: 18-02-2022 13:49:35**

സെക്ഷൻ ഓഫീസർ

പകർപ്പ്:

ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്